പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 382 11.12.2012 ൽ മറുപടിയ്ക്ക്

കൂടംകുളം ആണവ നിലയത്തിൽ നിന്നും വൈദ്യുതി എത്തിക്കുന്ന നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എ.കെ. ബാലൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) | കൂടംകുളം ആണവ നിലയത്തിൽ നിന്നും സംസ്ഥാനത്തിന് അർഹതപ്പെട്ട വൈദ്യുതി വിഹിതം എത്രയാണെന്നും ഈ വിഹിതം ലഭിക്കുന്നത് സംബന്ധിച്ച് കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (എ) | കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽ നിന്നും 27.07.2007 ലെ കത്ത് പ്രകാരം കൂടംകുളം ആണവ നിലയത്തിൽ (2x1000 മെഗാവാട്ട്) നിന്നും കേരളത്തിന് 266 മെഗാവാട്ട് വൈദ്യുതിയാണ് അനുവദിച്ച് നൽകിയിരിക്കുന്നത്. |
| (ബി) | കൂടംകുളത്തു നിന്നും സംസ്ഥാനത്തേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രസരണ ലൈനുകൾക്ക് ശേഷിയില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ യഥാർത്ഥ വസ്തുത എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കൂടംകുളത്തു നിന്നും വൈദ്യുതി എത്തിക്കാൻ എന്ത് മാർഗ്ഗമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | തിരുനെൽവേലി- ഇടമൺ കൊച്ചി (ഈസ്റ്റ്)- മാടക്കത്തറ റൂട്ടിൽ 400 കെ.വി. ലൈൻ വലിച്ച് കൊച്ചി പള്ളിക്കരയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിച്ചിട്ടാണ് കൂടംകുളത്തു നിന്നും വൈദ്യുതി എത്തിക്കാൻ ഉദ്ദേശിക്കുന്നത്. |

(...2)

| | | | |
|---|---|---|---|
| (ഡി) | കൂടംകുളത്തു നിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള നിർദ്ദിഷ്ട തിരുനെൽവേലി-ഇടമൺ-ഈസ്റ്റ് കൊച്ചി ലൈനിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; | (ഡി) & (ഇ) | കൂടംകുളത്തു നിന്നുള്ള വൈദ്യുതി ലൈനിന്റെ നിർമ്മാണം പവർ ഗ്രിഡ് കോർപ്പറേഷനാണ് (PGCIL) നടപ്പാക്കുന്നത്. പ്രസ്തുത ലൈനിൽ തിരുനെൽവേലി മുതൽ ഇടമൺ വരെയും, കൊച്ചി പള്ളിക്കരയിൽ നിന്നും തൃശ്ശൂർ മാടക്കത്തറ വരെയുമുള്ള ലൈൻ നിർമ്മാണവും 400 കെ.വി. കൊച്ചിൻ ഈസ്റ്റ് (പള്ളിക്കര) സബ്സ്റ്റേഷൻ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. കൊച്ചിയിൽ നിന്നും ഇടമൺ വരെയുള്ള ലൈൻ നിർമ്മാണം പത്തനംതിട്ട കോട്ടയം ജില്ലകളിലെ കർഷകരുടെ എതിർപ്പുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. ലൈൻ നിർമ്മാണം മുടങ്ങാൻ കാരണക്കാരായ കർഷകരുടെ എതിർപ്പുകൾ പരിഹരിക്കാനുള്ള നടപടികൾ സർക്കാർ തലത്തിൽ കൈക്കൊണ്ടു വരികയാണ്. പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിലേക്ക് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പവർ ഗ്രിഡ് ഉദ്യോഗസ്ഥർ, വൈദ്യുതി ബോർഡിലെയും ഊർജ്ജ വകുപ്പിലെയും ഉദ്യോഗസ്ഥർ, പരാതിക്കാർ എന്നിവരുമായി നിരവധി ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| (ഇ) | ഈ ലൈനിന്റെ നിർമ്മാണം മുടങ്ങാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; ആയത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ.